പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 549

25/10/2011-ൽ മറുപടി നല്കേണ്ടത്

## ടാറ്റായുടെ കൈവശമുള്ള ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ടാറ്റാ യുടെ അനധികൃത കൈവശത്തിലിരുന്ന 20,000 ഏക്കർ സർക്കാർ ഭൂമിയിൽ നേമക്കാട് വില്ലേജിൽ 1250 ഏക്കർ ഭൂമി തിരിച്ച് പിടിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. ഇടുക്കി ജില്ലയിൽ നേമക്കാട് എന്ന പേരിൽ വില്ലേജ് ഇല്ല. ഭൂമി കേരളം പദ്ധതി പ്രകാരം സർവ്വെ നടപടികൾ പൂർത്തിയാകാത്തതിനാൽ ടാറ്റ കമ്പനിയുടെ കൈവശം എത്ര ഏക്കർ സർക്കാർ ഭൂമി അനധികൃതമായി കൈയേറിയിട്ടുണ്ടെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. കെ.ഡി.എച്ച്. വില്ലേജിൽ നെയ്മക്കാട് എട്ടാംമൈൽ ഭാഗത്ത് 'സർക്കാർ വക ഭൂമി' എന്ന ബോർഡ് മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ചിട്ടുള്ളതാണ്. |
| (ബി) ബാക്കി ഭൂമിയുടെ സർവ്വേ ഡീമാർക്കേഷൻസുകൾ പൂർത്തിയായിട്ടുണ്ടോ ; | (ബി) ഇല്ല. ഭൂമികേരളം പദ്ധതി പ്രകാരം റീസർവ്വെ നടപടി നടന്നുവരുന്നു. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ടാറ്റായുടെ കൈവശത്തിലുള്ള സർക്കാർ ഭൂമിയിൽ എത്ര ഏക്കർ തിരിച്ചു പിടിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) ഭൂമികേരളം സർവ്വെ നടപടി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടാറ്റയ്ക്ക് പ്ലാന്റേഷൻ ആവശ്യത്തിന് നല്കിയിട്ടുള്ളതിനാൽ കൂടുതൽ ഭൂമി കൈവശത്തിലുണ്ടോ എന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതും ഈ സർക്കാർ അധികാരമേറ്റശേഷം ടാറ്റ കമ്പനിയിൽ നിന്നും 1957ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി തിരികെ ഏറ്റെടുത്തിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ